

# കാവുകൾ

നിത്യഹരിതവനങ്ങളുടെ അവശേഷിപ്പുകളാണ് 'വിശുദ്ധവനങ്ങൾ' എന്ന പേരിൽ പ്രസിദ്ധമായ 'കാവുകൾ'. 'കാവ്' എന്ന വാക്കിനർത്ഥം മരങ്ങളുടെ കൂട്ടം എന്നാണ്. പ്രകൃതിയെ ആരാധിച്ചിരുന്ന മനുഷ്യൻ കാടിന്റെ ചെറുരൂപങ്ങളായ കാവുകളെ ആചാരപരമായ വിശ്വാസങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും സംരക്ഷിച്ചുപോന്നു. കാവുകളെ അടിസ്ഥാനമാക്കി നിരവധി ഐതിഹ്യങ്ങളും വിശ്വാസങ്ങളും നിലനിൽക്കുന്നു. കേരളത്തിലെ കാവുകൾ പ്രധാനമായും നാഗാരാധനയുമായി ബന്ധപ്പെട്ടിരിക്കുന്നു. നാഗാരാധനയ്ക്ക് പ്രാധാന്യം നൽകി നാഗവിഗ്രഹങ്ങളും ശിലാരൂപങ്ങളും സ്ഥാപിച്ച് പൂജാദി കർമ്മങ്ങൾ ഉൾപ്പെടെയുള്ള അനുഷ്ഠാനങ്ങൾ നടത്തിവരുന്നു. കാവുകളുടെ നിലനിൽപ്പുതന്നെ വിശ്വാസത്തിലധിഷ്ഠിതമായതിനാൽ വർഷംതോറും വിവിധതരത്തിലുള്ള അനുഷ്ഠാനങ്ങളും ഉത്സവങ്ങളും കാവുകളിൽ പരമ്പരാഗത രീതിയിൽത്തന്നെ അനുഷ്ഠിച്ചുപോരുന്നു. ഉത്തരകേരളത്തിലെ കാവുകളുടെ പ്രധാന അനുഷ്ഠാനകലയാണ് തെയ്യം. വണ്ണാൻ, വേലൻ സമുദായത്തിൽപ്പെട്ട പുരുഷൻമാരാണ് തെയ്യം അനുഷ്ഠിക്കുന്നത്. ദൈവത്തിന്റെ പ്രതീകമായാണ് തെയ്യത്തെ കരുതിവരുന്നത്. വീടിന്റെയോ ഒരു പ്രദേശത്തിന്റെയോ അഭിവൃദ്ധിക്ക്വേണ്ടിയാണ് തെയ്യം അനുഷ്ഠിക്കുന്നത്. കേരളത്തിലെ കാവുകളെ, ആരാധനാമൂർത്തികളുടെ അടിസ്ഥാനത്തിൽ പ്രധാനമായും സർപ്പക്കാവ്, അയ്യപ്പൻകാവ്, ഭഗവതിക്കാവ്, യക്ഷിക്കാവ് എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.

കാവുകൾ കൂടുതലായും താഴ്ന്ന പ്രദേശങ്ങളിലായാണ് കണ്ടുവരുന്നത്. ഉയർന്ന പ്രദേശങ്ങളായ ഇടുക്കി, വയനാട് മേഖലകളിൽ വളരെ കുറച്ച് കാവുകൾ കണ്ടുവരുന്നു. കേരളത്തിൽ ആലപ്പുഴ ജില്ലയാണ് കാവുകളുടെ എണ്ണത്തിൽ മുന്നിൽ നിൽക്കുന്നത്. എറണാകുളം ജില്ലയിലെ ഇരിങ്ങോൾക്കാവ് കേരളത്തിലെ ഏറ്റവും വലിയ കാവാണ്. ഇതിനുപുറമേ മണ്ണാറശാല, കുന്നത്തൂർവടി, കയ്യാത്തുനാഗം, തെയ്യോട്ടുകാവ്, കാരക്കക്കാവ്, തുടങ്ങിയവയാണ് മറ്റു പ്രധാനകാവുകൾ.

ഇന്ത്യയിൽ കാവുകൾ ദേവാരണ്യങ്ങൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. ആഫ്രിക്ക, യൂറോപ്പ്, ആസ്ട്രേലിയ, അമേരിക്ക തുടങ്ങി ലോകമെമ്പാടും കാവുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയുടെ എണ്ണത്തിൽ മുന്നിട്ടുനിൽക്കുന്നത് ഏഷ്യൻ - ആഫ്രിക്കൻ രാജ്യങ്ങളാണ്. ഇത്തരം മനുഷ്യനിർമ്മിത ആവാസവ്യവസ്ഥകൾ മറ്റു പേരുകളിൽ ബീഹാർ, ഒഡീസ്സ, മധ്യപ്രദേശ്, ആന്ധ്രാപ്രദേശ്, കർണാടക, തമിഴ്നാട്, എന്നീ സംസ്ഥാനങ്ങളിലും നിലവിലുണ്ട്.

കാവുകളിലെ സസ്യവിന്യാസം ഏതാണ്ട് നിത്യഹരിതവനങ്ങൾക്ക് സമാനമാണ്. മാനുഷിക ഇടപെടൽ തീരെ കുറവായ മേഖലകളിൽ അപൂർവവും ഔഷധഗുണമുള്ളതുമായ സസ്യങ്ങൾ സ്വാഭാവിക ജീൻ കലവറകളായി നിലനിൽക്കുന്നു. ഇതുതന്നെയാണ് കാവുകളിലെ സസ്യവൈവിധ്യത്തിന് കാരണം. കാവുകളിലെ സസ്യങ്ങൾ ഭക്ഷ്യാവശ്യങ്ങൾക്ക് പുറമേ തടി, വിറക്, ഔഷധം, പ്രാണവായു എന്നിവയെല്ലാം പ്രദാനം ചെയ്യുന്നു. സസ്യങ്ങളെ കൂടാതെ നിരവധി ഷഡ്പദങ്ങൾ, ഉരഗങ്ങൾ, ഉഭയജീവികൾ, പക്ഷികൾ, സസ്തനികൾ, മുതലായവയുടെയും ആവാസകേന്ദ്രം കൂടിയാണ് കാവുകൾ. പ്രദേശിക കാലാവസ്ഥയെയും കാവുകൾ ഗുണപരമായി സ്വാധീനിക്കുന്നുണ്ട്.



ഇത്തരത്തിൽ, കാവുകൾ പ്രകൃതിയുടെ നിലനിൽപ്പിനാധാരമായ ജൈവവ്യൂഹത്തിലെ അംഗങ്ങളാണ്. ഭൂഗർഭജലനിരപ്പ് നിലനിർത്തുന്നതിൽ കാവുകൾ സുപ്രധാന പങ്കുവഹിക്കുന്നു. മിക്ക കാവുകളോടനുബന്ധിച്ചും വറ്റാത്ത കുളങ്ങളോ ജലാശയങ്ങളോ ഉണ്ടായിരിക്കും. ഇവ ജലജീവികളുടെ ആവാസ കേന്ദ്രമായി വർത്തിക്കുന്നു. മാത്രമല്ല, വൃക്ഷനിബിഡമായ കാവുകളിലെ കുളങ്ങളിൽ വേനൽക്കാലത്തുപോലും യഥേഷ്ടം ജലം ഉണ്ടായിരിക്കും. കാവുകൾ അതിനുചുറ്റുമുള്ള ജലാശയങ്ങളിലെയും കിണറുകളിലെയും ജലനിരപ്പ് കുറയാതെ നിലനിർത്തുന്നതിലും സുപ്രധാന പങ്കുവഹിക്കുന്നു.

ചെറുവനങ്ങളായ കാവുകൾ അന്തരീക്ഷ മലിനീകരണത്തിനു കാരണമാകുന്ന വാതകങ്ങളെ ആഗിരണം ചെയ്യുകയും ശുദ്ധവായു പ്രദാനം ചെയ്യുകയും ചെയ്യുന്നു. ശബ്ദമലിനീകരണത്തിന്റെ അളവ് കുറയ്ക്കുന്നതിന് കാവുകളിലെ വൃക്ഷങ്ങൾ പങ്ക് വഹിക്കുന്നു. കാവുകളിലെ വൃക്ഷങ്ങൾ പുറന്തള്ളുന്ന വായു, മഴയുടെ അളവിനെയും അന്തരീക്ഷ ഊഷ്മാവിനെയും നിയന്ത്രിക്കുക വഴി സുഖകരമായ കാലാവസ്ഥ പ്രദാനം ചെയ്യുന്നു.

ജൈവവൈവിധ്യത്തിന്റെ കലവറയാണ് കാവുകൾ. അസാധാരണമായതും, തദ്ദേശീയമായതും, വംശനാശ ഭീഷണിയുള്ളതുമായ നിരവധി സസ്യജന്തുജാലങ്ങളുടെ ആവാസകേന്ദ്രം കൂടിയാണ് കാവുകൾ. കേരളത്തിലെ കാവുകളിൽ 474 ജനുസുകളിലും 129 സസ്യകുടുംബങ്ങളിലുംപെട്ട 722 സ്പീഷീസ് സസ്യങ്ങളുണ്ടെന്നു പഠനം തെളിയിക്കുന്നു. ഇതിൽ ഒട്ടനവധി അപൂർവ്വ ഔഷധികളും ഉൾപ്പെടും.

കാവുകളിൽ കണ്ടുവരുന്ന സസ്യങ്ങൾ ദേവസസ്യങ്ങൾ ആയി കണക്കാക്കുന്നതിനുപിന്നിൽ അവയുടെ ഔഷധ മേന്മയും പരിസ്ഥിതി പ്രാധാന്യവുമാണ് കാരണം. മാവ്, കുളമാവ്, കാഞ്ഞിരം, വെട്ടി, കിളിമരം, കടമ്പ്, അമ്പഴം, ഇലഞ്ഞി, പന, പാല, ഇലവ്, കൂവളം, നെല്ലി, കുടകപ്പാല, അശോകം, മരോട്ടി, വാക, വേങ്ങ, മരുത്, മുരിക്ക് തുടങ്ങിയവയാണ് കാവുകളിൽ സാധാരണയായി കണ്ടുവരുന്ന വൃക്ഷങ്ങൾ. വള്ളിച്ചെടികളായ ഓടൻ, കാർത്തോട്ടി, വയ്യങ്കത, തുടലി, കാട്ടുമുല്ല, കാട്ടുപിച്ചി, ചിറ്റമൃത് തുടങ്ങിയവയും കണ്ടുവരുന്നു. ഇവയെല്ലാംതന്നെ ഔഷധഗുണത്തിലും മുൻപന്തിയിലാണ്. കാവുകളിലും പരിസരത്തുമായി കാണുന്ന ഔഷധച്ചെടികളെയും അവയുടെ ഗുണങ്ങളെയും കുറിച്ച് "ഹോർത്തൂസ് മലബാറിക്കസ്"എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. കുറുന്തോട്ടി, ബ്രഹ്മി, പുളിയാറില, കാട്ടുമുളക്, തെറ്റി, ആവണക്ക്, കരിനൊച്ചി തുടങ്ങിയവ മിക്കവാറും എല്ലാ കാവുകളിലും കണ്ടുവരുന്നവയാണ്.



100 സ്പീഷീസ് സസ്തനികൾ, 476 സ്പീഷീസ് പക്ഷികൾ, 156 സ്പീഷീസ് ഇഴജന്തുക്കൾ, 91 സ്പീഷീസ് ഉഭയജീവികൾ, 196 സ്പീഷീസ് മത്സ്യങ്ങൾ, 150-ൽപരം ശലഭങ്ങൾ എന്നിവ കേരളത്തിലെ കാവുകളിൽ ഉള്ളതായി ശാസ്ത്രപഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്.

വർദ്ധിച്ചുവരുന്ന ജനസാന്ദ്രത വനനശീകരണത്തിന് കാരണമാവുകയും വനവിസ്തൃതിയിൽ ഗണ്യമായ കുറവുണ്ടാക്കുകയും ചെയ്യുന്നു. അതുപോലെതന്നെ, ചെറുവനങ്ങളായി സംരക്ഷിച്ചുപോന്ന കാവുകളും ഇപ്പോൾ വളരെ കുറച്ചേ അവശേഷിക്കുന്നുള്ളൂ. സർപ്പകോപമുണ്ടാകുമെന്ന ഭയവും സർപ്പദൈവങ്ങളോടുള്ള ഭക്തിയും തന്നെയാണ് വൃക്ഷവൈവിധ്യത്താൽ സമ്പുഷ്ടമായ ഈ കാവുകൾ സംരക്ഷിക്കപ്പെടാൻ കാരണം. നാഗാരാധനയും കാവുകളുടെ സംരക്ഷണത്തിനുവേണ്ടി ആചാരാനുഷ്ഠാനങ്ങളിലൂന്നിയ അലിഖിത നിയമങ്ങളും അവയുടെ നശീകരണം കുറയ്ക്കുന്നതിന് ഒരു പരിധിവരെ സഹായകമായിട്ടുണ്ട്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും കാവുകളുടെ എണ്ണവും വിസ്തൃതിയും ദൈനംദിനം കുറഞ്ഞുവരുന്നു. മുൻകാലങ്ങളിലുണ്ടായിരുന്ന തറവാടുകൾ ആധുനിക രീതിയിലെ ഭവന നിർമ്മാണത്തിന് വഴിമാറിയതും, കാവുകൾ നിലനിന്ന പ്രദേശങ്ങളിൽ കണ്ടുവരുന്ന അനിയന്ത്രിതമായ മേച്ചിലും, വിറക് ശേഖരണവും, വിദേശസസ്യങ്ങളുടെ കടന്നുകയറ്റവും, വർദ്ധിച്ചുവരുന്ന ജനസംഖ്യയും അതിനെത്തുടർന്നുള്ള നിർമ്മാണപ്രവർത്തനങ്ങളും, പുരാതനകാലം മുതൽക്കേ നിലനിന്നിരുന്ന പ്രകൃതി ആരാധന ക്ഷേത്രാരാധനയ്ക്ക് വഴിമാറിയതും നിലവിൽ കാവുകൾക്ക് ഭീഷണിയായിത്തീർന്നിട്ടുണ്ട്. പ്രകൃതി പ്രതിഭാസങ്ങളായ ഭൂമികുലുക്കം, ഉരുൾപൊട്ടൽ, കരയിടിച്ചിൽ, വെള്ളപ്പൊക്കം തുടങ്ങിയവയെ പ്രതിരോധിക്കുന്നതിന് കാവുകൾ സഹായിക്കുന്നു. കേരളത്തിലെ കാവുകളുടെ ഭൂരിഭാഗവും ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ളതും സ്വകാര്യ വ്യക്തികളുടെ അധീനതയിലുമാണ്. കേരളത്തിൽ, തിരുവിതാംകൂറിൽ മാത്രം ഒരു കാലത്തു പതിനായിരത്തോളം കാവുകൾ ഉണ്ടായിരുന്നത് ഇപ്പോൾ കേരളത്തിലൊട്ടാകെ രണ്ടായിരത്തോളമായി കുറഞ്ഞെന്ന് കണക്കാക്കപ്പെടുന്നു. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്കും ജൈവസുസ്ഥിരത നിലനിർത്തുന്നതിനും ജൈവവൈവിധ്യത്തിന്റെ കലവറയായ കാവുകൾ സംരക്ഷിക്കപ്പെടേണ്ടത് മനുഷ്യന്റെ നിലനിൽപിന് അത്യാവശ്യമാണ്.



**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**
എൽ 14, ജയ് നഗർ, മെഡിക്കൽകോളേജ് പി. ഒ.
തിരുവനന്തപുരം 695011 ഫോൺ: 04712554740
www.keralabiodiversity.org
keralabiodiversity@gmail.com



# കാവുകൾ

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്